KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/04/ 2019

# ഇരവിപുരത്തും പരിസരത്തും ഭീതി വിതച്ച മോഷ്ടാവ് പരവൂർ പോലീസ് പിടിയിൽ

മാസങ്ങളായി സിറ്റി പോലീസിനെ കബളിപ്പിച്ച് ഇരവിപുരത്തും പരവൂരും പരിസര പ്രദേശങ്ങളിലും സ്ത്രീകളെ ഉപദ്രവിച്ചു മോഷണം നടത്തി കൊണ്ടിരുന്ന കുപ്രസിദ്ധ മോഷ്ടാവ്



അഭിജിത്ത് പരവൂർ പോലീസിന്റെ പിടിയിലായി. ഇരവിപുരം വാളത്തുംഗൽ ആക്കോലിൽ കുന്നൽ തെക്കതിൽ വീട്ടിൽ മുരുകൻ മകൻ അപ്പു എന്നു വിളിക്കുന്ന അഭിജിത്ത് ആണ് കുറച്ചു നാളുകളായി പ്രദേശ വാസികളെ ഭീതിയിലാഴ്ത്തി സ്ത്രീകളെ ഉപദ്രവിച്ചു രാത്രി കാലങ്ങളിൽ മോഷണം നടത്തി വിഹരിച്ചിരുന്നത്. ഇതിനെ തുടർന്ന് ജില്ലാ പോലീസ് മേധാവി ശ്രീ. പി.കെ മധു ഐ.പി.എസ് അവർകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ജില്ലയിലെ ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി രാത്രികാലങ്ങളിൽ ഈ മേഖലകളിൽ അഡീഷണൽ പെട്രോളിംഗ് സംവിധാനം ഏർപ്പെടുത്തി നിരീക്ഷണം നടത്തി വന്നിരുന്നതാണ്. 15.04.2019, വൈകിട്ട് ബഹു. ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ചാത്തന്നൂർ എ.സി.പി ശ്രീ. സുരേഷ് കുമാറിന്റെ നിർദ്ദേശാനുസരണം പരവൂർ സി.ഐ ശ്രീ. അജിത്ത് കുമാർ, എസ്.ഐ കെ.പി. ജോയിക്കുട്ടി, എസ്.സി.പി.ഒ. അനിൽ കുമാർ, സി.പി.ഒ. അനിൽ കുമാർ എന്നിവരടങ്ങുന്ന സംഘമാണ് അഭിജിത്തിനെ അറസ്റ്റ് ചെയ്തത്. എസ്.ഐ. എം.കെ. പ്രശാന്ത് കുമാർ, ബിപിൻ പ്രകാശ്, അനിൽ കുമാർ, എ.എസ്.ഐ. രാജേഷ് കുമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി പ്രതിയെ ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. മോഷണ ശ്രമത്തിനിടെ നിരവധി സ്ത്രീകളെ ഇയാൾ ഉപദ്രവിച്ചതായും കണ്ണുകളിൽ പ്രത്യേകം ലെൻസ് ഘടിപ്പിച്ച് രാത്രി കാലങ്ങളിൽ ഭീതി സൃഷ്ടിക്കുന്ന തരത്തിൽ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുക എന്നുള്ളത് ഇയാളുടെ ഒരു പ്രത്യേകതയാണ്

സിറ്റി പോലീസിന് നിരന്തരം തലവേദന സൃഷ്ടിച്ചു പോലീസിനെ വെട്ടിച്ചു നടന്നിരുന്ന പ്രതിയെ പിടിയിലാക്കിയ പരവൂർ പോലീസിനെ ജില്ലാ പോലീസ് മേധാവി അഭിനന്ദിച്ചു. 2015 മുതൽ മോഷണ കേസ്സുകളിൽ പ്രതിയാണ്. ഇയാൾ സമീപ പ്രദേശങ്ങളായ ഇരവിപുരം, ചാത്തന്നൂർ, അയിരൂർ, വർക്കല പോലീസ് സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസ്സുകൾ നിലവിലുണ്ട്.